# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2595 18.08.2017 ൽ മറുപടിക്ക്

## ഗ്രീൻ കൺസപ്റ്റ് നിർമ്മാണരീതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ<br>ശ്രീ.എ.പി.അനിൽകുമാർ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കെട്ടിട നിർമ്മാണത്തിൽ ഗ്രീൻ കൺസപ്റ്റ് നിർമ്മാണരീതികൾ അവലംബിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. 07.03.2013 ലെ സ.ഉ.(എം.എസ്)നം.28/2013/പൊ.മ.വ. പ്രകാരം ഹരിത നിർമ്മാണ നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) ഉത്പാദിപ്പിക്കപ്പെടുന്ന ഊർജ്ജത്തിന്റെയും ശുദ്ധ ജലത്തിന്റെയും നല്ലൊരു ശതമാനം കെട്ടിടങ്ങളുടെ നിർമ്മാണത്തിനും ഉപഭോഗത്തിനുമായാണ് വേണ്ടി വരുന്നത്. അതുപോലെതന്നെ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി ധാരാളം പ്രകൃതിജന്യവസ്തുക്കൾ ഉപയോഗിക്കപ്പെടുന്നുണ്ട്. കൂടാതെ കെട്ടിട നിർമ്മാണ മേഖല വലിയ തോതിൽ അന്തരീക്ഷ മലിനീകരണത്തിനും കാരണമാകുന്നു. ഇവക്കെല്ലാം ഒരു പരിധിവരെ പരിഹാരം കാണുവാനാണ് ഹരിത നിർമ്മാണ രീതി അവലംബിക്കുകവഴി ലക്ഷ്യമിടുന്നത്. ഇങ്ങനെ 40 ശതമാനത്തോളം ഊർജ്ജത്തിന്റെയും 40 ശതമാനത്തോളം ജലത്തിന്റെയും ഉപയോഗം കുറയ്ക്കുവാൻ കഴിയും. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തുകവഴി മെയിൻ ഗ്രിഡിനെ ആശ്രയിക്കുന്നത് |

പരിമിതപ്പെടുത്തുവാൻ കഴിയും. മഴവെള്ള സംഭരണവും, പുനർചാക്രീകരണവും, കാര്യക്ഷമമായ മലിനീകരണ നിർമ്മാർജ്ജന സംസ്കരണ പദ്ധതികളും ഹരിത നിർമ്മാണ രീതിയിൽ അവലംബിക്കുന്നു. ഊർജ്ജ ഉപയോഗം കുറയ്ക്കുവാനായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിലെ [ECBC] വ്യവസ്ഥകൾ കൂടി പാലിക്കുവാൻ ഹരിത നിർമ്മാണ നയത്തിൽ നിർദ്ദേശിക്കുന്നു. നിർദ്ദിഷ്ട സ്ഥലത്തോട് ഇണങ്ങുന്ന നിർമ്മാണ രീതി അവലംബിക്കാനും ഹരിതാഭയും, വൃക്ഷ ലതാദികളും പരമാവധി നില നിർത്തുകയും ചെയ്തുകൊണ്ട് ഹരിത ഗൃഹ വാതകങ്ങളുടെ (green house gases) പുറന്തള്ളൽ പരമാവധി കുറച്ചുകൊണ്ടുള്ള നിർമ്മാണ രീതിയാണ് ഹരിത നിർമ്മാണത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏതെല്ലാം കെട്ടിടങ്ങൾക്കാണ് പ്രസ്തുത രീതി നിർബന്ധമാക്കാനുദ്ദേശിക്കുന്നത്; എന്നുമുതലാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(സി) തുടക്കമെന്ന നിലയിൽ രണ്ട് കെട്ടിടങ്ങൾ, നേമത്ത് നിർമ്മിക്കുവാനുദ്ദേശിക്കുന്ന രജിസ്ട്രേഷൻ വകുപ്പിന്റെ ഹെഡ് ഓഫീസും പത്തനംതിട്ട ജില്ലാ കളക്ടർക്ക് വേണ്ടി നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഔദ്യോഗിക വസതിയും, ക്യാമ്പ് ഓഫീസും ഹരിത നിർമ്മാണ രീതി അവലംബിച്ച് രൂപകല്പന ചെയ്തിട്ടുണ്ട്. ഈ കെട്ടിടങ്ങൾ ഹരിത നിർമ്മാണങ്ങൾ കൈകാര്യം ചെയ്യുന്ന GRIHA (Green Rating for Integrated Habitat Assessment) കൗൺസിലിൽ സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**